

൯

# സഭ ആരാധന സമൂഹം


**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം


1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

പാഠം 8

# ദൈവവചനവും ക്രൈസ്തവജീവിതവും



ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച്
പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ
അമ്മയും സഹോദരന്മാരും (ലൂക്കാ 8:19-21).



1. ദൈവവചനത്തിന്റെ പ്രാധാന്യം.
2. ദൈവവചനം ക്രൈസ്തവജീവിതത്തിൽ.
3. ദൈവവചനവും ശിഷ്യത്വവും.
4. ദൈവവചനം മാനസാന്തരത്തിലേക്ക് നയിക്കുന്നു.
5. ദൈവവചനം അന്ധകാരം അകറ്റുന്നു.
6. ദൈവവചനം ജീവദായകം.
7. ദൈവവചനം സ്വതന്ത്രരാക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു.
8. ദൈവവചനം നിത്യജീവൻ നല്കുന്നു.

# ദൈവവചനത്തിന്റെ പ്രാധാന്യം

❖ വിശുദ്ധ ഗ്രന്ഥം വഴി ദൈവം മനുഷ്യനോടു സംസാരിക്കുന്നു. ദൈവം ആരെന്നും നമ്മുടെ ജീവിതത്തിൽ അവിടുന്ന് രക്ഷാകരമായി ഇടപെടുന്നതെങ്ങനെയെന്നും എങ്ങനെ നമുക്ക് ദൈവത്തിൽ എത്തിച്ചേരാമെന്നുമുള്ള നിത്യസത്യങ്ങൾ വിശുദ്ധ ഗ്രന്ഥത്തിലൂടെ നാം ഗ്രഹിക്കുന്നു.

❖ നമ്മുടെ വിശ്വാസത്തിന്റെ കാതലായ ദൈവത്തിന്റെ ത്രിത്വരഹസ്യം, മിശിഹാരഹസ്യം, കൂദാശകൾ, ഉത്ഥാനജീവിതം തുടങ്ങിയ വിശ്വാസസത്യങ്ങളെല്ലാം ദൈവവചനത്തിലൂടെയാണ് നമുക്ക് വെളിപ്പെട്ടിട്ടുള്ളത്.



# ദൈവവചനം ക്രൈസ്തവജീവിതത്തിൽ

❖ വിശ്വാസത്തോടും സ്നേഹത്തോടും പ്രാർത്ഥനയോടും കൂടി ദൈവവചനം ശ്രവിക്കുന്നവരിൽ ദൈവികജീവൻ കുടികൊള്ളും.

ഏതു പ്രതിസന്ധികളെയും ധീരതയോടെ തരണം ചെയ്യാൻ അവനു സാധിക്കും. അവന്റെ ജീവിതത്തിന്റെ ബലവും പ്രകാശവും കോട്ടയും കർത്താവാണെന്ന ബോധ്യം അവനിൽ ആഴപ്പെടുന്നു (സങ്കീ 31:2-3).



ഞങ്ങളുടെ കൈവശമുള്ള വിശുദ്ധ ഗ്രന്ഥങ്ങൾ ഞങ്ങൾക്ക് ആത്മധൈര്യം പകരുന്നു.

# ദൈവവചനവും ശിഷ്യത്വവും


എന്റെ വചനത്തിൽ നിലനിലക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ് (യോഹ 8:31).

❖ ഈശോയുടെ യഥാർത്ഥ ശിഷ്യരാകുവാൻ വചനത്തിലുള്ള നിലനിൽപ്പ് ആവശ്യമാണ്. മനുഷ്യനെക്കുറിച്ചുള്ള ദൈവഹിതമാണ് ദൈവവചനം.

കർത്താവേ, കർത്താവേ എന്നു വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് (മത്തായി 7:21).

# ദൈവവചനം മാനസാന്തരത്തിലേക്ക് നയിക്കുന്നു

❖ വചനത്താൽ മാനസാന്തരപ്പെട്ട ധാരാളം വ്യക്തികളെ വിശുദ്ധ ഗ്രന്ഥത്തിൽ നാം കുമുട്ടുന്നുണ്ട്. സക്കേവൂസ് ഈശോയെ സ്വന്തം ഭവനത്തിലും ഹൃദയത്തിവും സ്വീകരിച്ചു. വചനമായ ദൈവത്തെ കണ്ടുമുട്ടിയപ്പോൾ പുതിയൊരു ജീവിതത്തിലേക്കു കടക്കാൻ സമറിയാക്കാരി സ്ത്രീക്കും സാധിച്ചു.





# ദൈവവചനം അന്ധകാരം അകറ്റുന്നു.

രാത്രി കഴിയാറായി. പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരിയിലോ. അവിഹിതവേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ.

- മുപ്പതു വർഷത്തോളം തെറ്റായ വഴിയിലൂടെ ജീവിച്ച ആഗസ്തീനോസിനെ മാനസാന്തരപ്പെടുത്തി നേരായ വഴിയിലേക്കു തിരിച്ചു വിട്ടത് ഈ ദൈവവചനമാണ്.



പാരീസ് സർവ്വകലാശാലയിൽ അദ്ധ്യാപകനായിരുന്നു ഫ്രാൻസിസ് സേവ്യർ. ലോകസുഖങ്ങൾ വച്ചു നീട്ടുന്ന ക്ഷണികമായ സന്തോഷങ്ങൾ പരിത്യജിച്ച് പ്രേഷിതതീക്ഷ്ണതയുള്ള ഒരു വൈദികനായും പിന്നീടു വിശുദ്ധനായും മാറുവാൻ അദ്ദേഹത്തിനു വഴികാട്ടിയതും ദൈവവചനമാണ്.



ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം? (മത്തായി 16:26) എന്ന ദൈവവചനം ശ്രവിച്ച ഫ്രാൻസിസ് തന്റെ മാത്രമല്ല അനേകായിരങ്ങളുടെ ആത്മാക്കളെ രക്ഷിച്ച പ്രേഷിതനായി മാറി. ഇതു പോലെ വിശുദ്ധരെല്ലാവരും ദൈവവചനം കാട്ടിയവഴികളിലൂടെ നടന്നാണ് വിശുദ്ധി നേടിയത്.

# ദൈവവചനം ജീവദായകം

❖ ദൈവത്തിന്റെ വചനം ജീവൻ നൽകുന്നതാണ്. മരിച്ചിട്ടു നാലു ദിവസമായിരുന്ന ലാസർ വചനത്തിന്റെ ശക്തിയാൽ ജീവിച്ചു (യോഹ.11:44). ജീവനറ്റു കട്ടിലിൽ കിടന്നിരുന്ന ജായ്റോസിന്റെ മകളിലേക്കു ദൈവത്തിന്റെ വചനം കടന്നു ചെന്നപ്പോൾ അവൾക്ക് ജീവൻ വച്ചു. ശവമഞ്ചത്തിൽ ജഡമായി വഹിക്കപ്പെട്ട വിധവയുടെ മകനും ദൈവവചനം ജീവൻ പകർന്നു (ലൂക്കാ7:14-15).







## ദൈവവചനം രക്ഷാദായകം

- രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ വചനം എന്നാണ് വിശുദ്ധ പൗലോസ് ശ്ലീഹാ വചനത്തെ വിശേഷിപ്പിക്കുന്നത് (എഫേ. 1:13). വിശ്വസിക്കുന്നവർക്കെല്ലാം രക്ഷയ്ക്കുള്ള ദൈവികശക്തിയാണ് ദൈവവചനം.

- വചനം ജീവിതസ്പർശിയാകുവാൻ ശ്രദ്ധിക്കേ ഏതാനും കാര്യങ്ങൾ ഉണ്ട്. പ്രാർത്ഥനാപൂർവ്വം ദൈവവചനം വായിക്കണം; അതുവഴി ഈശോ വ്യക്തിപരമായി നൽകുന്ന സന്ദേശമെന്തെന്നു മനസ്സിലാക്കണം. ദൈവവചനത്തിലൂടെ വെളിവാക്കപ്പെടുന്ന നമ്മിലെ കുറവുകൾ പരിഹരിക്കാനും തെറ്റുകൾ തിരുത്താനും നന്മകൾ ചെയ്യാനും തയ്യാറാകണം. വചനത്തിന് സ്വന്തമായ വ്യാഖ്യാനം നൽകാതെ സഭ ആധികാരികമായി നൽകുന്ന വ്യാഖ്യാനമാണ് നാം സ്വീകരിക്കേതാ്. ദൈവഹിതം മനസ്സിലാക്കണമെന്ന ദാഹത്തോടെവേണം വചനം വായിക്കാൻ.

## ദൈവവചനം സ്വതന്ത്രരാക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു.

**എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.** (യോഹ 8:31).


**അവരെ അങ്ങു സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണ് സത്യം.** (യോഹ 17:17)



# ദൈവവചനം നിത്യജീവൻ നല്കുന്നു.



**എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്** (യോഹ 5:24).



വചനം ജീവിത സ്പർശിയാകുവാൻ ശ്രദ്ധിക്കേണ്ട് ഏതാനും കാര്യങ്ങൾ ഉണ്ട്. പ്രാർത്ഥനാപൂർവ്വം ദൈവവചനം വായിക്കണം; അതുവഴി ഈശോ വ്യക്തിപരമായി നല്കുന്ന സന്ദേശ മെന്തെന്നു മനസ്സിലാക്കണം. ദൈവവചനത്തിലൂടെ വെളിവാക്കപ്പെടുന്ന നമ്മിലെ കുറവുകൾ പരിഹരിക്കാനും തെറ്റുകൾ തിരുത്തുവാനും തയ്യാറാകണം. വചനത്തിന് സ്വന്തമായ വ്യാഖ്യാനം നല്കാതെ തിരുസഭാമാതാവിന്റെ മടിയിലിരുന്നു വചനം പഠിക്കണം. സഭ ആധികാരികമായി നല്കുന്ന വ്യാഖ്യാനമാണു സ്വീകരിക്കേത്. ദൈവഹിതം മനസ്സിലാക്കണമെന്ന ദാഹത്തോടെ വേണം വചനം വായിക്കാൻ.

# ദൈവവചനം

# വായിക്കാം, ധ്യാനിക്കാം

(യോഹ. 6:48-59)



## ഓർമ്മിക്കാൻ ഒരു തിരുവചനം

നിങ്ങളോടു ഞാൻ പറഞ്ഞവാക്കുകൾ ആത്മാവും ജീവനുമാണ് (യോഹ. 6:63).

# നമുക്കു പ്രാർത്ഥിക്കാം

**എന്റെ വചനം ആത്മാവും ജീവനുമാകുന്നു എന്നരുളിച്ചെയ്ത ഈശോയേ, വചനാധിഷ്ഠിതമായ ഒരു ജീവിതം നയിക്കാൻ എന്നെ അനുഗ്രഹിക്കണമേ.**

# എന്റെ തീരുമാനം

**എല്ലാ ദിവസവും ഞാൻ ദൈവവചനം വായിക്കുകയും അതു നൽകുന്ന സന്ദേശം ഉൾകൊു ജീവിക്കുകയും ചെയ്യും.**

## സഭാപിതാക്കന്മാർ പറയുന്നത്

**നമ്മുടെ ജീവിതത്തെ ചോദ്യം ചെയ്യുകയും നയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന സജീവവചനത്തെ വിശുദ്ധ ഗ്രന്ഥഭാഗങ്ങളിൽനിന്നും സ്വീകരിക്കുന്ന ഒരു കുമ്പുട്ടലായി ത്തീരണം വചനശ്രവണം** (ജോൺ പോൾ രാമൻ).

Thank you